ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:13.08.2025**

## പ്രധാനവാർത്തകൾ

1. രാജ്യത്തെ ഐക്യം ഊട്ടിയുറപ്പിക്കുന്ന ബഹുജന പ്രസ്ഥാനമായി ഹർ ഘർ തിരംഗ കാമ്പെയ്ൻ മാറിയതായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.
2. സംസ്ഥാന കർഷക അവാർഡ് പ്രഖ്യാപിച്ചു. കർഷക ദിനാഘോഷം ഉദ്ഘാടനവും അവാർഡ് വിതരണവും മുഖ്യമന്ത്രി പിണറായി വിജയൻ ഞായാറാഴ്ച തൃശ്ശൂരിൽ നിർവഹിക്കും.
3. ഇന്ന് ലോക അവയവ ദാന ദിനം. ദിനാചരണത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന 'സ്മൃതി വന്ദനം' പരിപാടി മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും.
4. വിദ്യാർഥികളിൽ വായനാശീലം വളർത്തുന്നത് ലക്ഷ്യമിട്ട് വായനയ്ക്ക് ഗ്രേസ് മാർക്ക് നൽകാൻ തീരുമാനിച്ചതായി മന്ത്രി വി ശിവൻകുട്ടി.
5. ഗുണനിലവാരമില്ലാത്ത വെളിച്ചെണ്ണയുടെ ഉത്പാദനവും വിപണനവും തടയുന്നതിനുള്ള പരിശോധനകൾ സംസ്ഥാനത്ത് തുടരുന്നു.

&&&&&&&&&&&&&&&&&&

RNU TVPM

## ഹർ ഘർ തിരംഗ

സ്വാതന്ത്ര്യത്തിന്റെ 79-ാാം വാർഷികത്തോട് അനുബന്ധിച്ച് രാജ്യത്തുടനീളം ഹർ ഘർ തിരംഗ കാമ്പെയ്ൻ പുരോഗമിക്കുന്നു. കാമ്പയിനിന്റെ ഭാഗമായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് വസതിയിൽ ദേശീയ പതാക ഉയർത്തി. രാജ്യത്തെ ഐക്യം ഊട്ടിയുറപ്പിക്കുന്ന ബഹുജന പ്രസ്ഥാനമായി ക്യാമ്പയിൻ മാറിയതായി കേന്ദ്രമന്ത്രി പറഞ്ഞു. തിരുവനന്തപുരത്ത് പൂജപ്പുര സരസ്വതി മണ്ഡപത്തിൽ ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ ത്രിവർണ്ണ സ്വാഭിമാന യാത്ര ഉദ്ഘാടനം ചെയ്തു. വികസിത ഭാരതവും, വികസിത കേരളവും യഥാർത്ഥ്യമാക്കേണ്ടത് ഓരോരുത്തരുടെയും കടമയാണെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## ജമ്മു കശ്മീർ

ജമ്മു കശ്മീരിൽ ഉറി സെക്ടറിലെ നിയന്ത്രണ രേഖയിൽ ഭീകരരുമായുള്ള ഏറ്റുമുട്ടലിൽ ഒരു സൈനികന് വീരമൃത്യു. ഭീകരരുടെ നുഴഞ്ഞുകയറ്റ ശ്രമം തടയുന്നതിനിടെയുണ്ടായ ഏറ്റുമുട്ടലിലാണ് സൈനികൻ കൊല്ലപ്പെട്ടത്. പ്രദേശത്ത്

RNU TVPM

സൈന്യത്തിന്റെ തിരച്ചിൽ പുരോഗമിക്കുന്നു. കൂടുതൽ വിവരങ്ങൾ ലഭ്യമായിട്ടില്ല.

&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി പിണറായി വിജയൻ - തൃശ്ശൂർ

സംസ്ഥാന കർഷക ദിനാഘോഷം ഉദ്ഘാടനവും കർഷക അവാർഡ് വിതരണവും മുഖ്യമന്ത്രി പിണറായി വിജയൻ ഞായാറാഴ്ച തൃശ്ശൂരിൽ നിർവഹിക്കും. തേക്കിൻകാട് മൈതാനത്ത് നടക്കുന്ന ചടങ്ങിൽ മന്ത്രി പി പ്രസാദ് അധ്യക്ഷനാകും. പരിപാടിയുടെ ഭാഗമായി സാംസ്ക്കാരിക ഘോഷയാത്ര , കർഷക സെമിനാർ, പൊതുസമ്മേളനം എന്നിവ നടക്കും.

PNU TVPM

&&&&&&&&&&&&&&&&&&

## സംസ്ഥാന കർഷക അവാർഡ്

സംസ്ഥാന കർഷക അവാർഡ് മന്ത്രി പി. പ്രസാദ് തിരുവനന്തപുരത്ത് പ്രഖ്യാപിച്ചു. പുതുതായി ഏർപ്പെടുത്തിയ 6 അവാർഡുകൾ ഉൾപ്പെടെ ആകെ 46 വിഭാഗങ്ങളിലാണ് ഇത്തവണ അംഗീകാരം നൽകുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള സി അച്യുത മേനോൻ അവാർഡ് വയനാട് മീനങ്ങാടി സ്വന്തമാക്കി. മികച്ച കൃഷിഭവനുള്ള പുരസ്കാരം മലപ്പുറം താനാളൂർ കൃഷിഭവൻ നേടി.

&&&&&&&&&&&&&&&&&&

**ലോക അവയവ ദാന ദിനം-ഇൻട്രോ**

ഇന്ന് ലോക അവയവ ദാന ദിനം. അവയവദാനത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ അകറ്റുന്നതിനും

അവബോധം വളർത്തുന്നതിനുമാണ് ഓഗസ്റ്റ് 13 ലോക അവയവദാന ദിനമായി ആചരിക്കുന്നത്. Answering the Call എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. ***അവയവദാനത്തിലെ സുതാര്യതയെക്കുറിച്ച് K-SOTTO എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.നോബിൾ ഗ്രേഷ്യസ് ആകാശവാണി വാർത്തകളോട്......***

***(ഹോൾഡ് വോയിസ്)***

PNU TVPM

&&&&&&&&&&&&&&&&&&

**സ്മൃതി വന്ദനം**

മരണാനന്തരം അവയവം ദാനം ചെയ്ത വ്യക്തികളെ അനുസ്മരിച്ചു കൊണ്ട് തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന 'സ്മൃതി വന്ദനം' പരിപാടി മന്ത്രി വീണാ ജോർജ് ഇന്ന് ഉദ്ഘാടനം ചെയ്യും. അവയവദാതാക്കളുടെ കുടുംബാംഗങ്ങളെ ചടങ്ങിൽ ആദരിക്കും. വൈകിട്ട് വഴുതക്കാട് ടാഗോർ തിയേറ്ററിൽ നടക്കുന്ന പരിപാടിയിൽ ആന്റണി രാജു എം.എൽ.എ അധ്യക്ഷനാവും.

&&&&&&&&&&&&&&&&&&&

## കെ.എസ്.എഫ്.ഇ

കെ.എസ്.എഫ്.ഇ ഒരു ലക്ഷം കോടി ബിസിനസ്സ് നേടിയതിന്റെ പ്രഖ്യാപനവും ആഘോഷ പരിപാടികളുടെ ഉദ്ഘാടനവും മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന പരിപാടിയിൽ മന്ത്രി കെ.എൻ. ബാലഗോപാൽ അധ്യക്ഷത വഹിക്കും. മന്ത്രി ജി. ആർ. അനിൽ 'ഓണം സമൃദ്ധി ഗിഫ്റ്റ് കാർഡിന്റെ' ഉദ്ഘാടനം ചടങ്ങിൽ നിർവ്വഹിക്കും. നടൻ സുരാജ് വെഞ്ഞാറമൂട് വിശിഷ്ടാതിഥിയാകും.

RIJUTVPM

&&&&&&&&&&&&&&&&&&&

## നെഹ്റു ട്രോഫി (ഇൻട്രോ)

ഈ മാസം മുപ്പതിന് നടക്കുന്ന നെഹ്റു ട്രോഫി വള്ളംകളിക്കുള്ള രജിസ്ട്രേഷൻ ആലപ്പുഴയിൽ ആരംഭിച്ചു. വള്ളംകളി കാണാൻ KSRTC വഴി നൽകുന്ന ടിക്കറ്റുകളുടെ വിതരണോദ്ഘാടനവും നടന്നു. വള്ളംകളി ട്രാക്കിന്റെ നിർമ്മാണം പുരോഗമിക്കുന്നതിനാൽ പുന്നമട സ്റ്റാർട്ടിങ് പോയിന്റ് മുതൽ ഫിനിഷിംഗ് പോയിന്റ് വരെ ഹൗസ് ബോട്ടുകളുടെ പാർക്കിങ് ഈ മാസം 31 വരെ നിരോധിച്ചു. ***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ...***

*(വോയിസ്)*

&&&&&&&&&&&&&&&&&&

## സപ്ലൈകോ ഓണം ഫെയർ

സപ്ലൈകോ ഓണം ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം ഈ മാസം 25ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഓണത്തോട് അനുബന്ധിച്ച് കേരഫെഡ് വെളിച്ചെണ്ണ സപ്ലൈകോ വിൽപ്പനശാലകളിൽ 457 രൂപയ്ക്ക് ലഭ്യമാക്കുമെന്ന് മന്ത്രി ജി ആർ അനിൽ അറിയിച്ചു. ഉപഭോക്താക്കൾക്ക് രണ്ടു ലിറ്റർ കേര വെളിച്ചെണ്ണയാണ് ലഭിക്കുക. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി വെളിച്ചെണ്ണ കാർഡ് ഒന്നിന് സബ്സിഡി നിരക്കായ 349 രൂപയ്ക്ക് ഒരു ലിറ്റർ വീതവും ലഭിക്കും.

RNUTVPM

&&&&&&&&&&&&&&&&&&

## വെളിച്ചെണ്ണ-വീണാജോർജ്ജ്

ഓപ്പറേഷൻ ലൈഫിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി വെളിച്ചെണ്ണ ഉത്പാദന വിപണന കേന്ദ്രങ്ങളിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പരിശോധനകൾ തുടരുമെന്ന് മന്ത്രി വീണാ ജോർജ്. വെളിച്ചെണ്ണയുടെ ഗുണനിലവാരം സംബന്ധിച്ച പരാതികൾ ടോൾഫ്രീ നമ്പരായ 1800 425 1125 ൽ അറിയിക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

**വി ശിവൻകുട്ടി**

വിദ്യാർഥികളിൽ വായനാശീലം വളർത്തുന്നത് ലക്ഷ്യമിട്ട് വായനയ്ക്ക് ഗ്രേസ് മാർക്ക് നൽകാൻ തീരുമാനിച്ചതായി മന്ത്രി വി ശിവൻകുട്ടി. അടുത്ത അധ്യയന വർഷം മുതൽ തീരുമാനം നടപ്പിലാക്കും. കലോത്സവത്തിൽ വായനയുമായി ബന്ധപ്പെട്ട ഒരു ഇനം കൂടി ഉൾപ്പെടുത്താൻ ആലോചനയുണ്ടെന്നും മന്ത്രി അറിയിച്ചു. വായന പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾക്കായി ആഴ്ചയിൽ ഒരു പിരീഡ് മാറ്റിവയ്ക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

PNU TVPM

&&&&&&&&&&&&&&&&&&

**നാവികസേന ബാൻഡ് പ്രകടനം**

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച്, ഇന്ന് എറണാകുളത്തെ കേരള ഫൈൻ ആർട്സ് സൊസൈറ്റി ഹാളിലും നാളെ ഫോർട്ട് കൊച്ചിയിലെ ഇന്ത്യൻ നേവി മാരിടൈം മ്യൂസിയത്തിലും നാവികസേനയുടെ ബാൻഡ് പ്രകടനം സംഘടിപ്പിക്കും. വൈകുന്നേരം 06:00 നാണ് പരിപാടി. ഇന്ന് വൈകുന്നേരം 06:30 ന് കണ്ണൂർ പയ്യന്നൂരിലെ ഷേണോയ് ടൗൺ സ്ക്വയറിലും ബാൻഡ് പ്രകടനമുണ്ടാകും.

&&&&&&&&&&&&&&&&&&

**മേരാ യുവ ഭാരത്**

പ്രധാനമന്ത്രിയുടെ മൻ കി ബാത് പ്രഭാഷണ പരമ്പരയെ ആസ്പദമാക്കി, മേരാ യുവ ഭാരതും ഗ്ലോബൽ ഗിവേഴ്സ് ഫൗണ്ടേഷനും സംയുക്തമായി സംഘടിപ്പിച്ച മത്സരത്തിൽ വിജയിച്ച തിരുവനന്തപുരം ജില്ലയിലെ മുപ്പത് വിദ്യാർത്ഥികൾ ഡൽഹിയിലെ സ്വാതന്ത്ര്യദിനാഘോഷത്തിൽ പങ്കെടുക്കും. രാജ്യതലസ്ഥാനത്തെ ചരിത്രപ്രസിദ്ധമായ സ്ഥലങ്ങൾ സന്ദർശിക്കാനും, രാഷ്ട്രപതി, ലോക്സഭ സ്പീക്കർ, കേന്ദ്രമന്ത്രിമാർ തുടങ്ങിയവരുമായി സംവദിക്കാനും വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കും.

**&&&&&&&&&&&&&&&&&&**

**ജലബജറ്റ്-കണ്ണൂർ-ഇൻട്രോ**

PNU TVPM

കണ്ണൂർ ജില്ലയിലെ ജല ലഭ്യതയുടേയും ഉപഭോഗത്തിന്റെയും ഭാവി ആസൂത്രണത്തിൻ്റേയും കണക്കുകൾ ഉൾപ്പെടുത്തി ജലബജറ്റ് തയ്യാറാക്കുന്നു. സംസ്ഥാനത്ത് തന്നെ ആദ്യമായാണ് ഒരു ജില്ല ജലബജറ്റ് തയ്യാറാക്കുന്നത്.

***വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ .ശശിധരൻ ...***

***(വോയിസ്)***

**&&&&&&&&&&&&&&&&&&**

## സുരേഷ്ഗോപി-തൃശ്ശൂർ

തൃശ്ശൂരിൽ ഇന്നലെയുണ്ടായ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ബിജെപി - സിപിഐഎം പാർട്ടി ഓഫീസുകൾക്ക് പോലീസ് സുരക്ഷ ഏർപ്പെടുത്തി. സംഘർഷത്തിൽ പരിക്കേറ്റ ബിജെപി പ്രവർത്തകരെ കേന്ദ്രമന്ത്രി സുരേഷ് ഗോപി ആശുപത്രിയിൽ സന്ദർശിച്ചു. അതേസമയം, തൃശൂർ ലോക്സഭ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ആരോപണങ്ങളിൽ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ, മുൻ മന്ത്രിയും സി പി ഐ നേതാവുമായ വി എസ് സുനിൽകുമാറിന് നൽകിയ നോട്ടീസിന് അദ്ദേഹമിന്ന് മറുപടി നൽകും.

&&&&&&&&&&&&&&&&&&

## രാജീവ് ചന്ദ്രശേഖർ+പ്രതിപക്ഷ നേതാവ്

തൃശൂരിലെ വോട്ടർ പട്ടിക ക്രമക്കേട് സംബന്ധിച്ച ആരോപണങ്ങളിൽ ഊർജിത അന്വേഷണം വേണമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. കേന്ദ്രമന്ത്രി സുരേഷ് ഗോപി ആരോപണങ്ങൾക്ക് മറുപടി പറയണമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. വോട്ട് ക്രമക്കേടുമായി ബന്ധപ്പെട്ട ആരോപണം തിരഞ്ഞെടുപ്പ് മുന്നിൽ കണ്ടുള്ള പ്രതിപക്ഷ പാർട്ടികളുടെ രാഷ്ട്രീയ തന്ത്രമാണെന്ന് ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. ആരോപണം ഉന്നയിക്കുന്നവർ തെളിവുകളുമായി

RNU TVPM

കോടതിയെ സമീപിക്കണമെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&

**സുബ്രതോ കപ്പ്**

64-ാമത് സുബ്രതോ കപ്പ് അന്താരാഷ്ട്ര ഫുട്ബോൾ ടൂർണമെന്റിനു ഈ മാസം 19നു തുടക്കമാകും. ജൂനിയർ ആൺകുട്ടികൾ , പെൺകുട്ടികൾ , സബ് ജൂനിയർ എന്നീ മൂന്ന് വിഭാഗങ്ങളിലായി 106 ടീമുകൾ പങ്കെടുക്കും. അടുത്ത മാസം 25 വരെ ഡൽഹിയിലും ബെംഗളൂരുവിലുമായി സംഘടിപ്പിക്കുന്ന ടൂർണമെന്റിൽ 200 ലധികം മത്സരങ്ങൾ നടക്കും.

&&&&&&&&&&&&&&&&&&

RNUTVPM

**ഓഹരി/ സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 153 പോയിന്റ് ഉയർന്ന് 80,389 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 79 പോയിന്റ് നേട്ടത്തിൽ 24,567 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. പവന് 40 രൂപ കുറഞ്ഞ് 74,320 രൂപയും, ഗ്രാമിന് 9,290 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

**മഴ**

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യത. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM